പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139 — 06-03-2018-ലെ മറുപടിയ്ക്ക്

# കർഷക ആത്മഹത്യകൾ ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കടക്കെണിയിലായ പാവപ്പെട്ട കർഷകരുടെ വായ്പ ഇളവിനു വേണ്ട തുക സംസ്ഥാന സർക്കാരുകൾ കണ്ടെത്തണമെന്ന കേന്ദ്രസർക്കാർ നയം കൊണ്ട് രാജ്യത്തുണ്ടാകുന്ന കർഷക ആത്മഹത്യകൾ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാ നായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18/01/2007-നു മുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു.<br><br>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കി വരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരതുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കൂടാതെ 60 വയസ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് |

വിധേയമായി 01.04.2017 മുതൽ 1100 രൂപ കർഷക പെൻഷൻ നൽകി വരുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി, കീട രോഗ നിയന്ത്രണ പദ്ധതികൾ തുടങ്ങിയവയും നടത്തി വരുന്നു.

**(ബി)** ചെറുകിട കൃഷിക്കാരുടെ അഞ്ചുസെന്റും ആയിരം ചതുരശ്ര അടി വരെയുള്ള വീടും സർഫെയ്സി നിയമപ്രകാരം ജപ്തി ചെയ്യരുതെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

**(ബി)** സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി ടി നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിയമസഭ 21.08.2017 ന് പാസാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നുവെങ്കിലും മറുപടി ഒന്നും ലഭ്യമായിട്ടില്ല.

**(സി)** ജനിതകമാറ്റം വരുത്തിയ വിളകൾ വഴിയും കരാർ കൃഷി വ്യാപകമാക്കിയും കുറ്റൻ വിപണന ശൃംഖലകളിലൂടെ കാർഷിക വിപണിയെ നിയന്ത്രിച്ചുകൊണ്ടും കാർഷിക രംഗത്ത് കമ്പനിവൽക്കരണത്തിന് ഇട വരുത്തിയ കേന്ദ്ര സർക്കാർ നയങ്ങൾക്ക് ബദലായി കർഷക കൂട്ടായ്മ സൃഷ്ടിച്ച് ആധുനിക കൃഷിമുറകളും കാര്യക്ഷമമായ വിപണനതന്ത്രങ്ങളും പ്രാവർത്തികമാ ക്കാൻ വേണ്ട സഹായം നൽകാൻ സാധിക്കുമോ?

**(സി)** കർഷക കൂട്ടായ്മയുടെ സഹായത്തോടെ എല്ലാ ജില്ലകളിലും കൂടി 400 ആഴ്ച ചന്തകളും 217 എക്കോഷോപ്പുകളും 105 കർഷകമിത്രയും ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വി എഫ് പി സി കെ യുടെ ആഭിമുഖ്യത്തിലുള്ള 283 കാർഷിക വിപണികളിൽ 1,34,049 കർഷകർ അംഗങ്ങളാണ്. 2017-18-ൽ നാളിതുവരെ ഈ വിപണികളിലുള്ള 1.04 ലക്ഷം മെട്രിക് ടൺ പഴം-പച്ചക്കറി വിപണനം നടത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ ആവശ്യമായതെല്ലാം ഒരു കേന്ദ്രത്തിൽ ലഭിക്കുന്ന അഗ്രോ ഹൈപ്പർ മാർക്കറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ചെമ്പുകാവിലെ അഗ്രികൾച്ചറൽ കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന വിവിധ വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നതിനായി അതാത് വിളകൾക്കുവേണ്ടി അഗ്രോ പാർക്കുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി CIAL (സിയാൽ) മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**